DESPATCHED On 25.5.2020

29/02/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.465(4)/2018/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.1920/SIC-Gen 2/2018**
**സന്നിഹിതൻ**
**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. വി.പി. നിജാമുദ്ദീൻ,
വലിയചള്ള, മുതലമട,
ഗോവിന്ദാപുരം പി.ഒ.,
പാലക്കാട് ജില്ല – 678 507. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
മുതലമട ഗ്രാമപഞ്ചായത്ത്,
മുതലമട പി.ഒ., ഒറ്റപ്പാലം – 678 507, പാലക്കാട്.

2. അപ്പീൽ അധികാരി &
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ,
കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട്. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 12.06.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 15.06.2017 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 06.10.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 08.11.2017 |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | 21.02.2018 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 26.02.2018 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 12.06.2017ൽ ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയിൽ, മുതലമട ഗ്രാമപഞ്ചായത്ത് LSGD എഞ്ചിനീയറിങ് വിഭാഗം നടപ്പാക്കിയ വികസന-നിർമാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ചോദിച്ച വിവരങ്ങൾക്ക് മൂന്നര മാസത്തിനുശേഷമാണ് മറുപടി നൽകിയതെന്നും, നൽകിയ രേഖകൾ തന്നെ മൈക്രോസ്കോപ്പിന്റെ സഹായത്തോടെ പോലും വായിക്കാൻ കഴി യാത്തതാണെന്നുമാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 09.12.19ൽ പാലക്കാട് കളക്ടറേറ്റിലെ വീഡിയോ കോൺഫ്രൻസിംഗ് സംവിധാനം വഴി ഹിയറിംഗ് നടത്തി. അപ്പീൽ ഹർജി ക്കാരനും, ഒന്നാം എതിർകക്ഷിയും ഹിയറിംഗിൽ പങ്കെടുത്തു.

രണ്ടര മാസം വൈകിയാണ് മറുപടി ലഭിച്ചതെന്നും, അതു തന്നെ വായിക്കാൻ പറ്റാത്തതാണെന്നും അപ്പീൽ ഹർജിക്കാരൻ ഹിയറിംഗിൽ മൊഴി നൽകി.

മറുപടി 116 പേജ് വരുന്നതായിരുന്നുവെന്നും, അതിൽ രണ്ടു പേജിന്റെ പകർപ്പിലാണ് അബദ്ധം പിണഞ്ഞതെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

3. എന്നാൽ വായിക്കാൻ പറ്റാത്തതായി നിരവധി പേജുകളുണ്ടെന്ന് അപ്പീൽ ഹർജിക്കാരൻ ആവർത്തിച്ചു.

4. കൃത്യമായ പകർപ്പുകൾ നൽകാൻ തയ്യാറാണെന്ന് ഒന്നാം എതിർകക്ഷി ഹിയറിംഗിൽ കമ്മീഷൻ മുമ്പാകെ സമ്മതിക്കുകയുണ്ടായി. LSGD വിഭാഗത്തിൽ നിന്ന് ശേഖരിച്ചു നൽകേണ്ടി വന്നതാണ് കാലതാമസത്തിനിടയാക്കിയതെന്നും ടിയാൻ പറഞ്ഞു.

5. ഇരു കക്ഷികളുടെയും മൊഴികളും, അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു.

6. അപ്പീൽ ഹർജിക്കാരന് ലഭിച്ച പകർപ്പുകൾ വായനാ യോഗ്യമല്ല എന്നതാണ് ടിയാന്റെ പ്രധാന പരാതി. ഇത് പരിഹരിച്ചു നൽകാമെന്ന് ഒന്നാം എതിർകക്ഷി ഹിയറിംഗിൽ കമ്മീഷനോട് സമ്മതിച്ചിട്ടുള്ളതാണ്.

7. ഇതിന്റെ അടിസ്ഥാനത്തിൽ, ഈ ഉത്തരവ് കൈപ്പറ്റി രണ്ടാഴ്ചയ്ക്കുള്ളിൽ അപ്പീൽ ഹർജിക്കാരന് തെളിച്ചമുള്ളതും, വായിക്കാൻ കഴിയുന്നതുമായ പകർപ്പുകൾ ടിയാൻ ആവശ്യപ്പെട്ടത്, പൂർണമായും സൗജന്യമായി നൽകേണ്ടതാണ്.

8. മേൽപ്പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 29-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

gk.

RIGHT TO INFORMATION